പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 284 28.05.2019-ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ആശുപത്രി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ട്രോമാകെയർ, സർജിക്കൽ വാർഡ് എന്നിവയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ, സർജറി വാർഡ് എന്നിവയ്ക്കായി 08/11/2018-ലെ സ.ഉ. (സാധാ) നം.3345/2018/ആ.കു.വ പ്രകാരം 410 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (എസ്.ടി.പി.), പവ്വർ ലോൺട്രി, സി.ടി. സ്കാൻ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (എസ്.ടി.പി.) നിർമ്മിക്കുന്നതിന് 12/07/2018-ലെ സ.ഉ. (സാധാ) നം.2240/2018/ആ.കു.വ പ്രകാരം 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. മുഖേന സർക്കാർ അംഗീകൃത ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പവർ ലോൺട്രി, സി.ടി,സ്കാൻ എന്നിവയുടെ സജ്ജീകരണം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ